Janayugom 30-11-18, p-12

# അഞ്ചുനാട്ടിൽ ഗ്യാഗ് പഴത്തിന്റെ മണവും മധുരവും

**സന്ദീപ് രാജാക്കാട്**

രാജാക്കാട്: അഞ്ചുനാട്ടിൽ ഓറഞ്ചും ആപ്പിളും മാത്രമല്ല ഗ്യാഗ് പഴവും വിളയും. ഔഷധ ഗുണമുള്ള ഗ്യാഗ് പഴം മറയൂർ മേഖലയിൽ വ്യാപകമായി വിളഞ്ഞുനിൽക്കുന്നു.

വിദേശ രാജ്യങ്ങളിൽ കണ്ടുവരുന്ന ഗ്യാഗ് പഴമാണ് ശീതകാല പച്ചക്കറി പഴവർഗങ്ങളുടെ കലവറയായ അഞ്ചുനാട് മലനിരകളിൽ ഇടംപിടിച്ചിരിക്കുന്നത്. നട്ട് മൂന്നരവർഷത്തിനു ശേഷമാണ് പ്രത്യേക പരിചരണങ്ങൾ കൂടാതെ ഇവ കായ്ച്ച് തുടങ്ങുന്നത്. വൻ വിപണി സാധ്യതയുള്ള പഴത്തിന് കിലോയ്ക്ക് 700 രൂപ മുതൽ 1000 രൂപ വരെ വില ലഭിക്കും. ഗ്യാഗ് പഴം അഞ്ചുനാട്ടിലെ മണ്ണിൽ മികച്ച രീതിയിൽ വളരുന്നത് ഹൈറേഞ്ചിലെ കർഷകർക്ക് പുതിയ കാർഷിക വിപണന സാധ്യതയാണ് തുറന്ന് നൽകുന്നത്.



ഗ്യാഗ് പഴം

വിത്ത്, തണ്ട്, കിഴങ്ങ് എന്നിവയാണ് നടീൽ വസ്തുക്കളായി ഉപയോഗിച്ചു വരുന്നത്. നട്ട് വളർത്തി പന്തലിട്ടു കൊടുക്കുന്ന ഗ്യാഗിന് പ്രത്യേക പരിചരണം ആവശ്യമില്ല. മധുരപാവൽ എന്നറിയപ്പെടുന്ന ഗാഗ് തായ്‌ലന്റ്, ഓസ്ട്രേലിയ, വിയറ്റ്നാം എന്നിവിടങ്ങളിലാണ് വ്യാപകമായി കൃഷിചെയ്ത് വരുന്നത്. മെമോർട്ടിക്ക കൊച്ചിൻചിനൻസിസ് എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന ഇവ പഴമായും പച്ചക്കറിയായും ഔഷധമായും ഉപയോഗിച്ച് വരുന്നു. നാരുകളും ഊർജദായക വസ്തുക്കളും മൂലകങ്ങളും മാംസ്യങ്ങളും ജീവകങ്ങളും കാൽസ്യവും ധാരാളമായി അടങ്ങിയിരിക്കുന്നതിനാൽ ഇവയ്ക്ക് പലതരം രോഗങ്ങളെ ചെറുക്കുവാനുള്ള കഴിവും ഉണ്ട്. കാൻസർ കോശങ്ങളുടെ വളർച്ചയെ നിയന്ത്രിക്കുന്ന വിറ്റാമിനുകൾ കൂടുതലായുള്ള ഈ പഴം കാഴ്ചശക്തിയും വർധിപ്പിക്കുന്നു. ശരീരത്തിലെ അമിത കൊഴുപ്പിനെ നശിപ്പിക്കുന്നതിനൊപ്പം ഹൃദയ സംബന്ധമായ അസുഖത്തിനും ഉത്തമ ഔഷധമായി കണക്കാക്കിവരുന്നു. ഗ്യാഗ് പഴം വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്ത് വിപണിയിലെത്തിച്ച മറയൂർ സ്വദേശി ജോസ് കൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള ഒരുക്കത്തിലാണ്.